നം.സി3/13922/റ്റി.സി/2011.

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം,
തീയതി: 27.08.2011

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും.
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ്.-വാഹനങ്ങളിൽ എൽ.പി.ജി. കിറ്റ് ഘടിപ്പിക്കുന്നതിനുള്ള ലൈസൻസ് - നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്.

സൂചന:-
1. 08.10.2005-ലെ സർക്കുലർ നമ്പർ 13/2005.
2. 21.07.2011-ലെ എം.ജി.ഓട്ടോ ഗ്യാസ് തൃശ്ശൂരിന്റെ നിവേദനം.
3. 07.02.2011-ലെ ആർ ആന്റ് ഡി ടീമിന്റെ റിപ്പോർട്ട്.

മേൽ സൂചന ഒന്ന് പ്രകാരമുള്ള സർക്കുലറിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. വാഹനങ്ങളിൽ അംഗീകൃത എൽ.പി.ജി. കിറ്റുകൾ ഘടിപ്പിക്കുന്നതുമായ ബന്ധപ്പെട്ട നിർദ്ദേശങ്ങളും ഇത്തരത്തിൽ എൽ.പി.ജി. കിറ്റുകൾ ഘടിപ്പിക്കുന്ന വർക്ക് ഷോപ്പുകൾക്ക് നൽകേണ്ട സർട്ടിഫിക്കറ്റ് സംബന്ധിച്ചുമാണ് പ്രസ്തുത സർക്കുലറിൽ പ്രതിപാദിക്കുന്നത്. എന്നാൽ പല ഓഫീസുകളിലും ടി സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ലായെന്നും 'Retrofitment' Centre - സർട്ടിഫിക്കറ്റിന് കാലാവധി നിജപ്പെടുത്തികൊടുക്കുന്നുവെന്നും ടി സെന്ററുകൾ ഉദ്യോഗസ്ഥർ പരിശോധിക്കാറില്ലായെന്നും ഉള്ള ധാരാളം പരാതികൾ ഈ ഓഫീസിൽ ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള പരാതികൾ ഒഴിവാക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. 13/2005 എന്ന സർക്കുലർ പ്രകാരം നൽകുന്ന 'Retro fitment' Centre സർട്ടിഫിക്കറ്റിന് കാലാവധി നിശ്ചയിച്ചിട്ടില്ല. ആയതിനാൽ ഒരിക്കൽ സർട്ടിഫിക്കറ്റ് എടുത്താൽ അത് പുതുക്കേണ്ട ആവശ്യമില്ല.

2. എൽ.പി.ജി. കിറ്റ് ഘടിപ്പിക്കുന്ന വർക്ക്ഷോപ്പുകൾക്ക് എൽ.പി.ജി കിറ്റ് നിർമ്മാതാക്കളുടെ അംഗീകാരം ഉണ്ട് എന്ന് ഉറപ്പുവരുത്തണം.

3. എൽ.പി.ജി. കിറ്റുകൾക്ക് കേന്ദ്ര മോട്ടോർ വാഹന ചട്ടം 126 —ൽ പ്രതിപാദിക്കുന്ന ഏതെങ്കിലും കേന്ദ്രസർക്കാർ ഏജൻസികളുടെ [ARAI/VRDE/iCAT തുടങ്ങിയവ] അംഗീകാരം ഉണ്ട് എന്ന് ഉറപ്പു വരുത്തണം. ഇത്തരത്തിൽ കേന്ദ്ര സർക്കാർ ഏജൻസികൾ നൽകുന്ന സർട്ടിഫിക്കേറ്റുകൾക്ക് അവയുടെ ബേസ് മോഡൽ സർട്ടിഫിക്കേറ്റുകൾ നൽകിയ തീയതി മുതൽ മൂന്നു വർഷത്തേക്കോ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിൽ വരുന്ന ഭേദഗതിയോ ഏതാണോ ആദ്യം വരുന്നത് അതുവരെയാണ് കാലാവധി നിശ്ചയിക്കുന്നത്. മൂന്ന് വർഷം കഴിഞ്ഞാൽ ഈ സർട്ടിഫിക്കേറ്റുകൾ കേന്ദ്ര ഗവൺമെന്റ് ഏജൻസികൾ വഴി പുതുക്കിയിട്ടുണ്ട് (Revalidation) എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങളും ഏത് വർഷം നിർമ്മിച്ച ഏത് തരം വാഹനത്തിന് പ്രസ്തുത എൽ.പി.ജി. കിറ്റ് ഘടിപ്പിക്കാം എന്നുള്ള വിശദാംശങ്ങളും ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസിൽ നിന്നും നൽകുന്ന കത്തുകളിൽ പ്രതിപാദിക്കുന്നുണ്ട്. മൂന്നു വർഷം മുൻപ് ലഭിച്ച ARAI/VRDE/iCAT സർട്ടിഫിക്കേറ്റുകൾ ഹാജരാക്കുമ്പോൾ അവ റിവാലിഡേറ്റ് ചെയ്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടത്. റിവാലിഡേറ്റ് ചെയ്യാത്ത സർട്ടിഫിക്കേറ്റുകൾ ഉപയോഗിച്ച് വാഹനങ്ങളിൽ എൽ.പി.ജി. കിറ്റ് ഘടിപ്പിക്കുന്നതിനുള്ള അംഗീകാരം കൊടുക്കാൻ പാടില്ലാത്തതുമാകുന്നു.

4. Retro fitment Centre കൾക്ക് സർട്ടിഫിക്കറ്റ് നൽകുമ്പോൾ അവർക്ക് ഏതെല്ലാം എൽ.പി.ജി. കിറ്റ് നിർമ്മാതാക്കളുടെ അംഗീകാരം ഉണ്ട് എന്ന് സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്. നിലവിൽ നൽകിയ സർട്ടിഫിക്കറ്റുകളിൽ എൽ.പി.ജി. കിറ്റ് നിർമ്മാതാക്കളുടെ പേര് ചേർത്തിട്ടില്ലായെങ്കിൽ ടി സർട്ടിഫിക്കറ്റുകളിൽ അംഗീകൃത എൽ.പി.ജി കിറ്റ് നിർമ്മാതാക്കളുടെ പേരും കൂടി ഉൾ-പ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി എൽ.പി.ജി. കിറ്റ് നിർമ്മാതാക്കളുടെ അനുമതി പത്രം അപേക്ഷകർ ഹാജരാക്കേണ്ടതാണ്.

5. വാഹനങ്ങളിൽ എൽ.പി.ജി. കിറ്റുകൾ ഘടിപ്പിക്കുന്നതിന് 13/2005 — എന്ന സർക്കുലറിലെ മറ്റുള്ള നിർദ്ദേശങ്ങളും പാലിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

6. Retro fitment Centre കൾ ഉദ്യോഗസ്ഥർ ഇടയ്ക്കിടെ പരിശോധിക്കേണ്ടതും ഏതെങ്കിലും പാകപ്പിഴ-കൾ ഉണ്ടെങ്കിൽ നടപടി എടുക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

സീനിയർ ഡി.റ്റി.സി (ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

എസ്.കെ.